THE VILLAGE
INTERNATIONAL SCHOOL
"We Nurture Dreams"
AIM HIGH, TOGETHER WE FLY

| | | |
|---|---|---|
| **LANGUAGE-2**<br>**GRADE-VIII** | **CPE-2(2023-2024)**<br>**MALAYALAM** | **MAX.Marks-20**<br>**Time-50Min.** |

| | ***PART-I*** | |
|---|---|---|
| **I** | ഖണ്ഡിക വായിച്ച് തന്നിരിക്കുന്ന ചോദ്യങ്ങൾക്ക് ശരി ഉത്തരം എഴുതുക | **1*5=5** |
| | പദ്യ സാഹിത്യത്തിലെ ഒരു വിഭാഗമാണ് സന്ദേശകാവ്യങ്ങൾ.പരസ്പരം വേർപിരിഞ്ഞിരിക്കുന്ന നായിക നായകന്മാരിൽ ഒരാൾ ദൂതൻ വഴി തന്റെ സന്ദേശം മറ്റൊരാൾക്ക് എത്തിക്കുകയാണ് സന്ദേശകാവ്യങ്ങളുടെ രീ തി.സംസ്കൃതത്തിൽ നിന്ന് മലയാളത്തിലേക്ക് കടന്നുവന്ന ഒരു സാഹിത്യ പ്രസ്ഥാനമാണ് ഇത്. കാളിദാസന്റെ മേഘദൂതിന്റെ അനുകരണങ്ങളായിത്തന്നെയാണ് ഇവ ഭാഷയിൽ പ്രത്യക്ഷപ്പെട്ടത്. പ്രണയ പരവശരായ സ്ത്രീ പുരുഷന്മാർ വിധിവശാൽ പിരിഞ്ഞിരിക്കേണ്ടി വരിക,വിരഹത്തിൽ ആമഗ്നനായ കാമുകൻ കാമുകിക്ക് ഒരു സന്ദേശം എത്തിക്കുവാൻ ഒരു വസ്തുവിനെയോ വ്യക്തിയെയോ കണ്ടെത്തി തന്റെ സന്ദേശം എത്തിക്കുവാൻ അഭ്യർത്ഥിക്കുക,അങ്ങനെ ഇരുവരുടെയും ഉത്കണ്ഠയ്ക്ക് ശമനം വരുത്തുക-ഇതാണ് സന്ദേശകാവ്യങ്ങളുടെ മൗലിക ഘടന.<br>നായകൻ,നായിക,സന്ദേശവാഹകൻ-ഇവരാണ് മുഖ്യകഥാപാത്രങ്ങൾ. സന്ദേശകാവ്യത്തിന് രണ്ട് ഭാഗങ്ങളുണ്ട്-പൂർവഭാഗവും ഉത്തരഭാഗവും. പൂർവ്വഭാഗത്ത് സന്ദേശം അയക്കാനുള്ള കാരണം,സന്ദേശവാഹകനെ കണ്ടെത്തിയ സന്ദർഭം, മാർഗ്ഗ വിവരണം ഇവയും ഉത്തരഭാഗത്ത് നായികയുടെ വാസസ്ഥലവർണ്ണന,നായിക വർണ്ണന,സന്ദേശം ഇവയും ഉൾപ്പെടുന്നു . മന്ദാക്രാന്ത വൃത്തമാണ് സന്ദേശകാവ്യങ്ങളിൽ സ്വീകരിക്കാറുള്ളത്.സന്ദേശകാവ്യങ്ങളിലെ അംഗിയായ രസം ശൃംഗാരമാണ്.മലയാളഭാഷയിൽ ഉണ്ടായിട്ടുള്ള പ്രധാന സന്ദേശകാവ്യങ്ങൾ ഉണ്ണുനീലി സന്ദേശം ,ചക്രവാക സന്ദേശം,മയൂര സന്ദേശം,ഭൃംഗസന്ദേശം, ഹംസ സന്ദേശം ,കോകില സന്ദേശം ,ഗരുഡ സന്ദേശം തുടങ്ങിയവയാണ്. | |

| | | |
|---|---|---|
| **a** | സന്ദേശകാവ്യങ്ങളിലെ അംഗിയായ രസം ഏത്<br>1.ശൃംഗാരം<br>2.കരുണം<br>3.ഹാസ്യം<br>4.വീരം | |
| **b** | സന്ദേശകാവ്യങ്ങൾ ഏത് സാഹിത്യ വിഭാഗത്തിൽ ഉൾപ്പെടുന്നു<br>1. ഗദ്യസാഹിത്യം<br>2. കഥാസാഹിത്യം<br>3. പദ്യസാഹിത്യം<br>4.സഞ്ചാരസാഹിത്യം | |
| **c** | സന്ദേ ശകാവ്യങ്ങൾക്ക് പൊതുവായി എത്ര ഭാഗങ്ങളുണ്ട്<br>1. മൂന്ന്<br>2. നാല്<br>3. രണ്ട്<br>4. അഞ്ച് | |
| **d** | സന്ദേശകാവ്യങ്ങളിൽ ഉൾപ്പെടാത്തത് ഏത്<br>1. ഉണ്ണുനീലി സന്ദേശം<br>2. ഹംസ സന്ദേശം<br>3. ഉണ്ണിയാടി ചരിതം<br>4. മയൂര സന്ദേശം | |
| **e** | ഏതു ഭാഷയിൽ നിന്നാണ് സന്ദേശകാവ്യങ്ങൾ മലയാളത്തിലേക്ക് കടന്നുവന്നത്<br>1. തമിഴ്<br>2. ഹിന്ദി<br>3. സംസ്കൃതം<br>4. കന്നഡ | |
| **II** | അർത്ഥം എഴുതുക | **1*2=2** |
| **a**<br><br><br><br><br><br>**b** | "പൃഥുകം"<br>a.താളിയോല<br>b.തലമുടി<br>c.അവിൽ<br>d.ചകോരം<br><br>"ഉപജ്ഞാതാതാവ്"<br>a.ചുറ്റുമുള്ള പ്രകാശം<br>b.അമൂല്യമായ പ്രതിഭ<br>c.ശാശ്വതമായ പ്രതിഭ<br>d.തുടക്കക്കാരൻ | |

| | | |
|---|---|---|
| **III** | വിഗ്രഹിച്ച് എഴുതുക | **1*2=2** |
| **a**<br><br><br><br><br><br>**b** | "പൊങ്ങുതടി "<br>a.പൊങ്ങിയ തടി<br>b.പൊങ്ങിക്കിടക്കുന്ന തടി<br>c. പൊങ്ങുള്ള തടി<br>d. പൊത്തുള്ള തടി<br><br>"അമൂല്യപ്രതിഭ"<br>a.അമൂല്യങ്ങളുടെ പ്രതിഭ<br>b.അമൂല്യമായ പ്രതിഭ<br>c.മൂല്യമുള്ള പ്രതിഭ<br>d.മൂല്യവത്തായ പ്രതിഭ | |
| **IV** | ചേർത്തെഴുതുക | **1*1=1** |
| **a** | "ക്ഷിപ്രം+ഇരുട്ടത്ത് "<br>a.ക്ഷിപ്രഇരുട്ടത്ത്<br>b.ക്ഷപ്രമിരുട്ടത്ത്<br>c.ക്ഷിപ്രംഇരുട്ടാത്ത<br>D.ക്ഷിപ്രമിരുട്ടാത്ത | |
| | ***PART-II*** | |
| **V** | തന്നിരിക്കുന്ന **3** ചോദ്യങ്ങൾക്ക് അരപ്പുറത്തിൽ ഉത്തരം എഴുതുക | **10** |
| **a** | കർണന്റെ മഹത്വം പ്രഖ്യാപിക്കുന്ന വരികൾ ഏത്? ആ വരികളുടെ ആശയം എന്ത്? | **1*4=4** |
| **b** | "ഇപ്രകാരം ഭർത്താവിന്റെ വാക്കുകേട്ടിട്ട്" -വിപ്രപത്നി അനുഷ്ഠിച്ചതെന്ത്? കുചേലൻ യാത്രതുടങ്ങിയപ്പോൾ സംഭവിച്ചതെന്ത്? | **1*3=3** |
| **c** | "....ആ ലക്ഷ്യപ്രാപ്തി പൂർത്തീകരിച്ചുവെന്നതിന്റെ തെളിവാണ്"-എന്താണ് പൂർത്തീകരിച്ച ലക്ഷ്യപ്രാപ്തി | **1*3=3** |